**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. സി.പി. ചന്ദ്രിക, മുൻ എൽ.ഡി. ക്ലാർക്ക് ശ്രീമതി. സീതാലക്ഷ്മി എസ്. എന്നിവർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.1796/2018/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 02/07/2018**

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 23.08.2014-ലെ ഇ8 (എസ് സി 57/2014/ റ്റിഎസ്ആർ) 5875/2014നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 22.09.2014-ലെ 11376/ഡി3/2014/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 22.05.2015-ലെ 63774/ഇപിബി3/14/തസ്വഭവ നമ്പർ കുറ്റപത്രം

4 കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. സി.പി. ചന്ദ്രിക, മുൻ എൽ.ഡി. ക്ലാർക്ക് ശ്രീമതി. സീതാലക്ഷ്മി എന്നിവരുടെ യഥാക്രമം 10.08.2015, 12.08.2015 എന്നീ തീയതികളിലെ പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 25.02.2016-ലെ ഡി7-48653/2014നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൈപ്പമംഗലം ഗ്രാമപഞ്ചായത്തിൽ തൊഴിലില്ലായ്മ വേതനം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ആകസ്മികാന്വേഷണം നടത്തി പരാമർശം (1), (2) പ്രകാരം റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. അന്വേഷണത്തിൽ കൈപ്പമംഗലം ഗ്രാമപഞ്ചായത്തിൽ ശ്രീമതി. സിനി വി.പി. എന്നവർക്ക് അർഹതപ്പെട്ട തൊഴിൽരഹിത വേതനം മറ്റൊരാൾക്ക് നൽകിയെന്നും ശ്രീമതി. സിനി. വി.പി.യുടെ ഇതു സംബന്ധിച്ച 2010 നവംബർ മുതലുള്ള പരാതിയിന്മേൽ പഞ്ചായത്ത് സെക്രട്ടറിയും ക്ലാർക്കും ഗുരുതരമായ കാലതാമസവും കൃത്യവിലോപവും കാണിച്ചു എന്നു കണ്ടെത്തുകയുണ്ടായി. വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കുറ്റാരോപിതരായ കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. സി.പി. ചന്ദ്രിക, മുൻ എൽ.ഡി. ക്ലാർക്ക് ശ്രീമതി. സീതാലക്ഷ്മി എസ്. എന്നിവർക്ക് പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് പരാമർശം ( 4 ) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിൽ തങ്ങളുടെ ഭാഗത്തുനിന്ന് മനഃപൂർവ്വമായ വീഴ്ച ഉണ്ടായിട്ടില്ലെന്നും ആയതിനാൽ മേൽ നടപടിയിൽ നിന്നും ഒഴിവാക്കണമെന്നും വാദിച്ചിരിക്കുന്നു. ശ്രീമതി. സീതാലക്ഷ്മിയ്ക്ക് നേരിൽ കേൾക്കാൻ അവസരം നൽകണമെന്നും, ശ്രീമതി. സി.പി. ചന്ദ്രിക സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്. പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയുണ്ടായി.

പരാതിക്കാരിയായ ശ്രീമതി. സിനി. വി.പി.ക്ക് 2007-ലെ അപേക്ഷ പരിഗണിച്ച് 11.01.2008-ന് 2/07 മുതൽ 03/07 വരെയും തുടർന്ന് വേതനം അനുവദിച്ച ശേഷം 2 തവണ വേതനം വിതരണം ചെയ്തു

അവസരത്തിൽ വേതനം കൈപ്പറ്റാത്തതിനാൽ വേതനത്തിനുള്ള അർഹത നഷ്ടപ്പെട്ടുവെന്നും പിന്നീട് ശ്രീമതി. സിനി വി.പി. 2010-ൽ സമർപ്പിച്ച അപേക്ഷ അംഗീകരിച്ച് തുടർനടപടിയ്ക്കായി കൊടുങ്ങല്ലൂർ ടൗൺ എംപ്ലോയ്മെന്റ് ഓഫീസർക്ക് അയയ്ക്കുകയും, നിലവിൽ കൈപ്പമംഗലം പഞ്ചായത്തിലെ ഗുണഭോക്താവ് ആണ് എന്ന് 13.06.2011-ലെ എ2-1020/2011 നമ്പർ കത്ത് പ്രകാരം എംപ്ലോയ്മെന്റ് ഓഫീസർ അറിയിച്ചു എന്നും, പരാതിയിൽ പറയും പ്രകാരം ശ്രീമതി. സിനിക്ക് ലഭിക്കേണ്ട തൊഴിൽ രഹിത വേതനം അനർഹമായി മറ്റൊരാൾക്ക് വിതരണം ചെയ്തിട്ടില്ല എന്നും, പരാതിയിൽ പറയുന്ന സിനി. വി.പി, പുത്തൂർ ഹൗസ് എന്നവർ മറ്റൊരു ഗുണഭോക്താവാണെന്നും അറിയിച്ചിട്ടുണ്ട്.

08.01.2014-ൽ 2(11) നമ്പർ തീരുമാനപ്രകാരം ശ്രീമതി. സിനി. വി.പി.യുടെ പരാതിയും 03.04.2013-ലെ കൊടുങ്ങല്ലൂർ ടൗൺ എംപ്ലോയ്മെന്റ് ഓഫീസറുടെ കത്തും പരിഗണിച്ച് 02/2007 മുൻകാല പ്രാബല്യത്തോടെ തൊഴിൽ രഹിത വേതനം അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതും ഇതനുസരിച്ച് 03.09.2014, 09.04.2015, 25.08.2015 എന്നീ തീയതികളിൽ 02/2007 മുതൽ 02/2009 വരെയുള്ള വേതനം 3 ഗഡുക്കളായി പഞ്ചായത്തിൽ നിന്നും കൈപ്പറ്റിയിട്ടുണ്ടെന്നും, 04/2017 വരെ തൊഴിൽ രഹിത വേതനം ലഭിക്കുവാൻ അർഹതയുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീമതി. സി.പി. ചന്ദ്രികയോ, ക്ലാർക്ക് ശ്രീമതി. സീതാലക്ഷ്മിയോ വിഷയത്തിൽ വ്യക്തിപരമായ വീഴ്ച വരുത്തിയിട്ടില്ലെന്നും, പരാതിയിൽ പറയുംപ്രകാരം തൊഴിൽ രഹിതവേതനം അനധികൃതമായി മറ്റൊരാൾക്ക് വിതരണം ചെയ്തിട്ടില്ലെന്നും 2007-ൽ അപേക്ഷ സമർപ്പിച്ച ശ്രീമതി. സിനി വി.പി, അതിനെപ്പറ്റി സൂചിപ്പിക്കാതെ 2010-ൽ വീണ്ടും സമർപ്പിച്ച അപേക്ഷയിൽ നടപടി സ്വീകരിക്കുക മാത്രമാണ് ഉദ്യോഗസ്ഥർ ചെയ്തിട്ടുള്ളതെന്നും, ശ്രീമതി. സിനി വി.പി, 02/2007 മുതലുള്ള ഗുണഭോക്താവാണ് എന്ന് കൊടുങ്ങല്ലൂർ ടൗൺ എംപ്ലോയ്മെന്റ് ഓഫീസർ പഞ്ചായത്തിൽ അറിയിച്ചിത് പരിഗണിച്ച് മുൻകാല പ്രാബല്യത്തോടെ തൊഴിൽ രഹിത വേതനം അനുവദിച്ചിട്ടുണ്ടെന്നും കൂടാതെ ആരോപണവിധേയയായ ശ്രീമതി. സി.പി. ചന്ദ്രിക 31.05.2015-ന് സേവനത്തിൽ നിന്നും വിരമിച്ചിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം ഉദ്യോഗസ്ഥർ സമർപ്പിച്ച പ്രതിവാദ പത്രികകളുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. സി.പി. ചന്ദ്രിക, മുൻ എൽ.ഡി: ക്ലാർക്ക് ശ്രീമതി. സീതാലക്ഷ്മി എന്നിവർ തൊഴിലില്ലായ്മ വേതനം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് മനഃപൂർവ്വമായി വീഴ്ച വരുത്തിയിട്ടില്ലെന്ന് കാണുന്നു. ഈ സാഹചര്യത്തിൽ കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീമതി. സി.പി. ചന്ദ്രിക, മുൻ എൽ.ഡി. ക്ലാർക്ക് ശ്രീമതി. സീതാലക്ഷ്മി എസ്. എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**എസ്.മോഹന്ദാസ്**

**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീമതി. സി.പി. ചന്ദ്രിക, മുൻ സെക്രട്ടറി, കൈപ്പമംഗലം ഗ്രാമപഞ്ചായത്ത്. (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
2. ശ്രീമതി. സീതാലക്ഷ്മി എസ്. , മുൻ എൽ.ഡി. ക്ലാർക്ക്, കൈപ്പമംഗലം ഗ്രാമപഞ്ചായത്ത് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. വിജിലൻസ് വകുപ്പ് (യു.ഒ റിമാർക്സ് നം.വിജി.ഡി4/140/2018/വിജി. തീയതി 03.04.2018പ്രകാരം)
9. വിവര പൊതുജന സമ്പർക്ക (വെബ് ആൻഡ് ന്യൂ മീഡിയ )വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/211/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ